DESPATCHED
02/12/21.

16/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No. 599(6)/2020/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നം.11666/എസ്.ഐ.സി-ജി 5/2020

**സന്നിഹിതൻ**

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പി.കെ. ബാലകൃഷ്ണൻ,
S/o. കണ്ണൻ,
പൂക്കോട്ടുകുനിയിൽ വീട്,
അയിനിക്കാട്,
ഇരിക്കൂർ - 673 521. } പരാതി ഹർജിക്കാരൻ

Vs.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജനറൽ മാനേജർ,
പയ്യോളി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്,
No.F.1354, No.1,
പി.ഒ. പയ്യോളി - 673 522,
കോഴിക്കോട്. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/10/2020 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 30/10/2020 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 03/11/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/12/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 12/01/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 08/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.കെ. ബാലകൃഷ്ണൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി തെറ്റായ മറുപടിയാണ് നൽകിയതെന്നും കൂടാതെ ടിയാൻ ബാങ്കിൽ ലോൺ തീർപ്പാക്കിയെന്നും ആയതിൽ ബാക്കിയുള്ള പണവും ആധാരമൊഴികെയുള്ള രേഖകളും തിരിച്ചു നൽകിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 12.10.2020 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാന്റെ 101100010023201 -ാം അക്കൗണ്ട് നമ്പറിലുള്ള ലോൺ തീർപ്പാക്കിയെന്നും എന്നാൽ അക്കൗണ്ടിലുള്ള ബാക്കി പണവും ആധാരമൊഴികെയുള്ള ബാക്കി രേഖകളും എതിർകക്ഷി തിരിച്ചു നൽകിയില്ലെന്നും മറ്റുമാണ്.

3. പരാതി ഹർജിക്കാരന്റെ 12.10.2020 ലെ അപേക്ഷയ്ക്ക് എതിർകക്ഷി 20.10.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 11.01.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരന്റെ അക്കൗണ്ടിലുള്ള ബാലൻസ് 1354/- രൂപയാണെന്നും ആയത് സംഖ്യ ക്ലോസ് ചെയ്തോ, ഭാഗികമായോ വാങ്ങാവുന്നതാണെന്നും, വായ്പയ്ക്ക് ഈടായി ഹാജരാക്കിയ രേഖകൾ 11.08.2020 ന് തിരികെ കൊടുത്തിട്ടുള്ള വിവരം പരാതിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും പരാതിക്കാരൻ 01.12.2020 ൽ ടിയാന്റെ അക്കൗണ്ടിൽ നിന്നും 500/- രൂപ പിൻവലിച്ചിട്ടുള്ളതും ബാക്കി 854/- രൂപ ബാലൻസ് ഉള്ളതുമാണെന്നാണ്. ടി ബാങ്കിൽ പരാതിക്കാരൻ ആവശ്യപ്പെടാത്ത ഇടപാട്, പരാതിക്കാരന്റെ പേരിൽ ബാങ്കിന്റെ ഷെയർ ഇനത്തിൽ ഷെയർ നമ്പർ 15860 പ്രകാരം 25.03.2019 ന് 12500/- രൂപ ബാലൻസ് ഉണ്ടെന്നും പ്രസ്തുത തുക ബാങ്കിലെ ബൈലോ നിബന്ധന പ്രകാരം 3 വർഷം പൂർത്തിയാക്കിയാൽ പരാതിക്കാരന് പിൻവലിക്കാവുന്നതാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നു. എന്നാൽ ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ പരാതി ഹർജി നൽകിയിരിക്കുന്നത്. 08.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ പരാതിക്കാരൻ പങ്കെടുക്കുകയോ, പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ളതായി എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നെങ്കിലും പരാതിക്കാരന് ടാക്സ് റസീപ്റ്റ് അടക്കമുള്ള നൽകാൻ കഴിയുന്ന മറ്റു രേഖകൾ കൂടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസങ്ങൾക്കുള്ളിൽ നൽകേണ്ടതാണെന്ന് എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm